# അധ്യാപക സന്നദ്ധ സേന – Teachers Brigade

അടിയന്തരഘട്ടങ്ങളിൽ പ്രാദേശിക ജനങ്ങൾക്ക് ആശ്രയകേന്ദ്രങ്ങളായി-ദുരിതാശ്വാസകേന്ദ്രങ്ങളായി സ്കൂളുകൾ മാറുന്നു. അതിനാൽ, സ്കൂളുകളുടെയും അവിടെ പഠിക്കുന്ന കുട്ടികളുടെയും സുരക്ഷ, ഭാവിയിൽ ദുരന്തപ്രതിരോധ ശേഷി നിശ്ചയിക്കുന്നതിനുള്ള നിർണ്ണായക ഘടകമാണ്. വിദ്യാർത്ഥികൾക്ക് മാർഗനിർദ്ദേശം നൽകുന്ന അധ്യാപകർ പ്രാദേശികതലത്തിലുള്ള ദുരന്തപ്രതികരണ, ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നവരാണ്. പ്രാദേശിക അടിയന്തര ഘട്ടങ്ങളിൽ ആദ്യ പ്രതികരിക്കുന്നവരെന്ന നിലയിൽ അധ്യാപകരുടെ പങ്ക് ശ്ലാഘനീയമാണ്. അതുകൊണ്ട്, സ്കൂൾസുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം പ്രാദേശികതലത്തിൽ ദുരന്തപ്രതിരോധ ശേഷി വളർത്തുന്നതിന് അധ്യാപകരെ സജ്ജമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ദുരന്തനിവാരണ ഭരണ സംവിധാനം മനസ്സിലാക്കാനും അടിയന്തരാവസ്ഥകളിൽ അധ്യാപകർ എങ്ങനെ പ്രവർത്തിക്കണം എന്നത് പങ്കിടാനുമായി ഓരോ വർഷവും തുടർച്ചയായ പരിശീലനവും ശേഷിവളർത്തലുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ദുരന്തനിവാരണത്തിലെ വിവിധ മേഖലകളെ പരിചയപ്പെടുത്തുന്നതോടൊപ്പം അടിയന്തിരഘട്ട പ്രതികരണം, പ്രഥമ ശുശ്രൂഷ തുടങ്ങിയ മേഖലകളിൽ പ്രായോഗിക പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ സേനാംഗങ്ങൾക്കും ഒരു അടിയന്തിര പ്രതികരണ കിറ്റും നൽകുന്നതായിരിക്കും. പ്രാദേശികതലത്തിൽ ദുരന്തനിവാരണ ചാമ്പ്യന്മാരായി അധ്യാപകർ രൂപപ്പെടുന്നത് ദുരന്താഘാത സാധ്യത കുറഞ്ഞ സുരക്ഷിതസമൂഹത്തിനു വഴി തെളിക്കും.

ഈ സന്നദ്ധസേനയിൽ ചേർന്ന് പ്രവർത്തിക്കാൻ താല്പര്യപ്പെടുന്ന സ്കൂൾ അധ്യാപകർ താഴെ നൽകിയിരിക്കുന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

https://forms.gle/E5DLJwhSgYjcmZW76